# Buds



i

DIGITAL MAGAZINE

## LITTLE KITES




# GJHSS NADUVATTAM PATTAMBI

# ആമുഖം

മനുഷ്യന്റെ അറിവിനെ വളർത്തുന്നതിൽ എഴുത്തിനും വായനക്കും ഉള്ള പങ്ക് വലുതാണ്. പ്രാചീന കാലത്ത് മനുഷ്യൻ വിവരങ്ങൾ രേഖപെടുത്തിയിരുന്നത് ഗുഹാ ഭിത്തികളിൽ കല്ല് കൊണ്ട് കോറിയാണ്. ലിപിയും ഭാഷയും വന്നതോടെ രേഖപെടുത്താനുള്ള സംവിധാനവും മാറി. തുടക്കത്തിൽ മരത്തോലും പിന്നീട് ക്രമത്തിൽ താളിയോല, കടലാസും മഷിയും, അച്ചടി (കല്ലച്ച്) എന്നിങ്ങനെ വളർന്ന് അത് ഇലക്ട്രോണിക് യുഗത്തിൻ എത്തിയിരിക്കുന്നു. അച്ചടി ഡിജിറ്റലാവുകയും വായന ഇ-വായനയായി മാറുകയും ചെയ്തു.

എഴുത്തിലെയും പുസ്തക വായനയിലെയും രസം കമ്പ്യൂട്ടറിലേക്കും സ്മാർട്ട് ഫോണിലേക്കും മാറിയതോടെ പുസ്തക വായനയെ മറന്നു കൊണ്ടിരിക്കുന്ന ഈ ലോകത്ത് ഒരു ഡിജിറ്റൽ മാഗസിൻ എത്രത്തോളം പ്രസക്തമാണ് എന്ന ചോദ്യമാണ് ഞങ്ങളെ ഇത് തെയ്യാൻ പ്രേരിപ്പിച്ചത്. ഒരിക്കലും നശിക്കില്ല എന്നതിലുപരി സാധാരണ മാഗസിനേക്കാൾ ഡിജിറ്റൽ മാഗസിൻ നിർമിക്കാൻ എളുപ്പമാണ്. കൂുതൽ പേരിലേക്കെത്തിക്കാനും പുതു ജനതക്ക് താത്പര്യം ഉണർത്താനും ഇത് ഉപകരിക്കും.

കുട്ടികളാണ് ഈ മാഗസിൻ പൂർണ്ണമായും ഉണ്ടാക്കിയിരിക്കുന്നത്. ഞങ്ങളുടെ ഇടയിൽ തികച്ചും പുതിയതാണ് ഈ രീതി. ലിറ്റിൽ കൈറ്റ്സ് അധ്യാപകരുടെ ചെറിയൊരു സഹായം മാത്രമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. തെറ്റുകൾ വായനക്കാർ സദയം ക്ഷമിക്കുക. കുട്ടികളുടെ സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുകയും ആ രചനകൾ ഇവിടെ അവതരിപ്പിക്കുകയുമാണ് ഞങ്ങൾ ഇവിടെ ചെയ്യുന്നത്. അതോടൊപ്പം മറ്റു കുട്ടികൾക്ക് ഇതൊരു പ്രചോദനവും ആകുമെന്ന് ആഗ്രഹിക്കുന്നു. ഡിജിറ്റൽ പുസ്തകങ്ങളും ഇ-വായനയും ഭാവിയിൽ വലിയൊരു മുന്നേറ്റമാണ് ഉണ്ടാക്കാൻ പോകുന്നത്. അതിലേക്ക് ഞങ്ങൾ ജി. ജെ. എച്ച്. എസ് നടുവട്ടം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ചെറിയൊരു കാൽ വെപ്പാണിത്.....

# താളുകളിലൂടെ


1- COUNTING WISELY
2- PROVERBS
3- THE CROW AND THE SNAKE
4- TECHNICAL EDUCATION
5- അറിവിൻ നിറവ്
6- ആകാശം
7- കുഞ്ചൻ നമ്പ്യാർ
8- നന്തനാർ
9- തുറക്കാം.... വായനയുടെ വാതിലുകൾ
10- തെങ്ങ്
11- വൈക്കം മുഹമ്മദ് ബഷീർ
12- സംഗീതമേ ജീവിതം
13- സ്വാതന്ത്ര്യം
14- സൗഹൃദം
15- വനം നമ്മുടെ ധനം
16- കടലിനുമുണ്ടൊരു കഥ പറയാൻ
17- കയർ
18- പഴഞ്ചൊല്ലുകൾ
20- പുഷ്പങ്ങൾ

# Counting wisely





Akbar once put a question to his court that left everyone puzzled. As they all tried to figure out the answer, Birbal  walked and asked what the matter was. And so they told him the question.

"How many crows are there in the city?"

Birbal immediately smiled, went up to Akbar and announced that the answer to his question was twenty-one thousand five hundred and twenty-three. When asked how he knew the answer, Birbal replied: "Ask you men to count the number of crows. If there are more, then the crow's relatives from outside the city are visiting them. If there are fewer, then the crows are visiting their relatives outside the city." Pleased with the answer, Akbar presented Birbal with a ruby and pearl chain.

-FADLU RAHMAN

# Proverbs



- A journey of a thousand miles begins with a single Step
- Better to light a candle than to curse the darkness
- Cheaters never win and winners never cheat
- Don’t bite the hand that feeds you
- Empty vessels make the most noise
- First impressions are the most lasting
- Good things come in small packages
- Hard work never did anyone any harm
- It is the singer not the song
- Judge not, that ye be not judged
- Keep your friends close and your enemies closer
- Laugh and the world laughs with you, weep and
- Weep alone
- Money isn’t everything
- Nature abhors a vacuum
- One year seeding makes seven years weeding
- Patience is a virtue
- Quid pro quo
- Rain before seven, fine before eleven
- Success has many fathers, while failure is an
- Orphan
- That which does not kill us makes us stronger
- When the cat is away the mice will play

  You cannot take it with you [when you die]

-FADLU RAHMAN

# The Crow And The Snake

Two crows lived in a tree a little away from town. They laid eggs several times. But every time, the eggs were eaten up by a snake which also lived in a nearby hole. This was really a matter of great anxiety to the poor crows.




After thinking, they hit upon an idea. The crows flew to the village. A lady was taking her bath at a well. She had placed her necklace at a distance. The crow picked up the necklace and flew away. On seeing this, the lady raised alarm. The people of the village gathered and ran towards the crow. The crow flew as fast as possible till he reached the tree. He threw the necklace at the hole were the snake was taking rest. The people killed the snake and recovered the necklace.



There after the crows lived happily and peace fully.

-NASLA V.P

# Technical education



Career and technical education is a term applied to schools , institutions and educational programmes that specials\ise in the skilled trades,applied sciences, modern technical education and correct preparation.

Every one is aware of the importance of technical education. It helps students to develop theoretical and practical knowledge. Technical education gives ll knowledge and skills people require to compete in this cut throat competition. It improves the quality of living standard by producing trained and experienced man power. Science and technology has influenced almost every section of the society that people can't imagine their life without its existence. To fulfil the need of the modern era, the education system should focus on technical and practical knowledge.

Technology is impacting every phase of human life. The usage of technology in education and highlight creative thinking keeping in mind the obvious advantage of application of technology in education.

Technical should be given top most priority because it encourages the aspirants to come out with their potential. It builds a level of confidence and sense of self respect in every individual . If a country has enough of its skilled man power , it will not depend on other Nations or believe in collaborating with developed countries.

-Hasna sherin

# അറിവിൻ നിറവ്

അക്ഷരകലയുടെ ചൈതന്യമേ
അടിയന്റെ മനസ്സിൽ കുടികൊള്ളണേ
അനുദിനമവിടുത്തെ അനുഗ്രഹത്താലന്റെ
അറിവിൻ നിറമായ് മാറേണമേ
അകതാരിൽ ഉയിരിടും ഭാവനകൾ
അവികലഭാവങ്ങളോടെ കനിയേണമേ
അമൃത പരാഗണങ്ങളാകേണമേ
അഹമെന്നബോധമൊരിക്കലുമെന്റെ
അരികത്തു പോലും മുദിക്കരുതേ
അതിരുകളില്ലാത്ത സ്നേഹം ചൊരിയുവാൻ
അനുരൂപവാക്കുകൾ നല്കേണമേ...



-നവ്യ പി.കെ



# ആകാശം

ആകാശം എന്നും എന്നെ ആനന്ദിപ്പിച്ചിരുന്നു. അതിന്റെ വ്യത്യസ്ത ഭാവങ്ങളും എനിക്ക് ഒരുപാട് ഇഷ്ടമായിരുന്നു. വെളുത്ത നിറത്തിൽ നല്ല സന്തോഷത്തിൽ നില്ക്കുന്ന അവന് പെട്ടന്നായിരിക്കും മുഖം ഇരുണ്ട് കോപകുലനാവാൻ തുടങ്ങുന്നത്. എന്നാൽ അവനെ



കോപകുലനാക്കാതെ എത്തുന്നത് അവന്റെ സുഹൃത്തായ വെളുത്ത മേഘക്കുട്ടന്മാരാണ്. ഇടക്ക് അവർ ആകാശത്തിന്റെ കളിക്കൂട്ടുകാരെ പോലെ ഓടിക്കളിക്കുന്നത് കാണാം. അതിനിടക്ക് പല രൂപങ്ങൾ പ്രാപിക്കുന്നതും ഞാനിഷ്ടപ്പെട്ടിരുന്നു. കപ്പലായും സിംഹമായും വാഹനങ്ങളായും എല്ലാം അവർ കളിക്കുമായിരുന്നു.

എനിക്ക് സങ്കടം വരുമ്പോൾ ഞാൻ എന്റെ വീട്ടുമുറ്റത്തെ ഊഞ്ഞാലിൽ ഇരുന്ന് മാവിലകള്ക്കിടയിലൂടെ ആകാശത്തെ നോക്കി സന്തോഷിപ്പിച്ചിരുന്നു. ആകാശം ഒരു വ്യത്യസ്തവും വിശാലവുമായ ലോകമായിരുന്നു. എന്റെ ദുഃഖങ്ങളകറ്റിയ ആകാശത്തിനേയും അതിന്റെ അനന്തതയേയും ഞാൻ എന്നും ഒരുപാട് ഇഷ്ടപ്പെട്ടിരുന്നു.

-ഹരിപ്രിയ കെ

# കുഞ്ചൻ നമ്പ്യാർ



തുള്ളൽ പ്രസ്ഥാനത്തിന്റെ വ്യവസ്ഥാപകനായ കേരളീയ കവിയാണ് കുഞ്ചൻ നമ്പ്യാർ. പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശി മംഗലം ഗ്രാമത്തിലെ ശിവക്ഷേത്രത്തിനു സമീപമുള്ള കലക്കത്തു ഭവനത്തിൽ 1700-ൽ ജനിച്ചു. അമ്പലപ്പുഴയിലും തിരുവനന്തപുരത്തും വെച്ചാണ് സമ്പന്നമായ സാഹിത്യ പ്രവര്ത്തനങ്ങൾ നടന്നിട്ടുള്ളത്.

"പടയണി" തുടങ്ങിയ നാടൻ കലാരൂപങ്ങളുടെയും കൂത്ത്, കൂടിയാട്ടം തുടങ്ങിയ ക്ലാസിക് കലകളുടെയും ചൈതന്യം ആവാഹിച്ച് ബഹുജനങ്ങൾക്ക് അഭിരുചി തോന്നിയ ഒരു കാവ്യ-കലാരൂപത്തെ അവതരിപ്പിച്ചു എന്നതാണ് കുഞ്ചൻ നമ്പ്യാർക്ക് മലയാള കലാ-സാഹിത്യ രംഗത്തിലുള്ള സ്ഥാനം. പുരാണ കഥകൾ കേരളീയ അന്തരീക്ഷത്തിൽ നിര്വഹിക്കുക, ബഹുജനത്തിന് പ്രീതീജനകമായി കഥ ചൊല്ലിത്തുള്ളുന്ന രീതിയില് കലയെ വ്യവസ്ഥ ചെയ്യുക, കഥക്ക് സമകാലിക സ്വഭാവം നല്കുക, കവിതക്ക് കേരളീയ സവിശേഷതകൾ നല്കി ജനജീവിതത്തോട് അടുപ്പിക്കുക എന്നിങ്ങനെ സ്വന്തം കാവ്യരൂപം കൊണ്ട് ഏറെ കാര്യങ്ങൾ സാധിച്ചെടുത്ത കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛനു ശേഷം കേരളം കണ്ട ഏറ്റവും വലിയ കവിയാണ് എന്നു തന്നെ നമുക്ക് പറയാം. കല്യാണ സൗഗന്ധികം, സ്വമന്തകം, നളചരിതം, ധ്രുവചരിതം, കീചകവധം, യക്ഷയോഗം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികളിൽ പെട്ടതാണ്. കലക്കത്തു ഭവനം ഇന്ന് ഒരു സ്മാരകമായി സംരക്ഷിക്കപ്പെടുന്നു. പ്രാചീന കവിത്രയങ്ങളിൽ ഒരാളായ കുഞ്ചൻ നമ്പ്യാർ 1770-ൽ നിര്യാതനായി. പേപ്പട്ടി വിഷബാധയാണ് മരണ കാരണം എന്ന് കരുതപ്പെടുന്നു.

നസ് ല വി.പി

# നന്തനാർ



1926-ല് മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്ത് ജനിച്ചു. യഥാർഥ പേര്- ഗോപാലൻ. അച്ഛൻ- പരമേശ്വര തകരൻ. അമ്മ- നാണിക്കുട്ടിയമ്മ. വീടിനടുത്തുണ്ടായിരുന്ന തകരൻ ഹയർ എലിമന്ററി സ്കൂളിൽ വിദ്യാഭ്യാസം.

1942-1964 വരെ പട്ടാളത്തിൽ സിഗ്നൽ വിഭാഗത്തിൽ ജോലി. 1965 മുതൽ മൈസൂരിൽ എൻ. സി. സി ഇന്സ്ട്രക്ടർ ആയിരുന്നു. 1967 മുതല് ഫാക്ടിൽ പബ്ലിസിറ്റി വിഭാഗത്തിലായിരുന്നു. ജോലിയിരിക്കെ 1974-ല് നന്തനാർ അന്തരിച്ചു. 7 നോവലുകളും 11 കഥാസമാഹാരങ്ങളും 1 നാടകവും രചിച്ചിട്ടുണ്ട്. ആത്മാവിന്റെ നോവുകൾ എന്ന നോവലിന് 1963-ല് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ഈ പുസ്തകം സൈഗ്റ്റ് ഫോർ ദ ഡ്രോ എന്ന പേരില് ഇംഗ്ലീഷില് പരിപാഷപ്പെടുത്തിയിട്ടുണ്ട്.ഇദ്ദേഹത്തിന്റെ മിക്ക കഥകളും മറ്റു ഭാഷകളിലേക്ക് പരിപാഷപ്പെടുത്തിയിട്ടുണ്ട്.

-ദത്തൻ എ

# തുറക്കാം...

# വായനയുടെ

# വാതിലുകൾ

വായനയുടെ ലോകത്തേക്ക് നമ്മെ നയിച്ച പി. എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 വായനാദിനമായി ആചരിക്കുന്നു. ഒപ്പം വായനാവാരവും.



വായിക്കാൻ വേണ്ടിയുള്ള വായനയല്ല വേണ്ടത്. അറിയാൻ വേണ്ടിയുള്ളതാവണം വായന. വായിക്കുമ്പോൾ മനസ്സിനെ ഏകാഗ്രമായി വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. വെറുതെ വായിച്ച പോകാതെ വിഷയങ്ങളെ മനസ്സിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കണം.വായനാ പൂതി എന്ന് അതിനെ വിളിക്കാം.

ആശയപരവും സൃഷ്ടിപരവുമായ ചിന്തകൾ നമ്മിലേക്ക് ചെയ്യപ്പെടുന്ന രചനകൾ വലിയൊരു ലോക വീക്ഷണം നമ്മിൽ സൃഷ്ടിച്ചേക്കാം. ഏതൊരു സൃഷ്ടിയേയും നല്ല നിലയിൽ സ്വാംശീകരിക്കാൻ മനസ്സിലിരുത്തിയുള്ള വായന തന്നെ വേണം.

-നവ്യ പി.കെ

# തെങ്ങ്


ഒറ്റത്തടി വൃക്ഷമാണ് തെങ്ങ്. ഏകദേശം മുപ്പത് മീറ്ററിലേറെ ഉയരത്തിൽ തെങ്ങ് വളരുന്നു. ഏഷ്യയിലാണ് തെങ്ങ് ജന്മമെടുത്തതെന്ന് വാദിക്കുന്നവരാണേറെയും. ഒപ്പം തന്നെ തെക്കേ അമേരിക്കയാണ് തെങ്ങിന്റെ ജന്മദേശമെന്നും പറയപ്പെടുന്നു. നനവാർന്ന മണ്ണിൽ തെങ്ങ് സമൃദ്ധമായി വളരും. കല്പക വൃക്ഷമെന്ന ഖ്യാതി തെങ്ങിനുണ്ട്. കാരണം തെങ്ങിന്റെ എല്ലാ ഭാഗങ്ങളും മനുഷ്യന് ഉപയേഗ യേഗ്യമാണ്. തെങ്ങിന്റെ ഫലം നാളികേരം(തേങ്ങ)എന്നറിയപ്പെടുന്നു. തെങ്ങിന്റെ ഓലയും, തടിയും, തേങ്ങയുടെ തൊണ്ടും, ചിരട്ടയുമൊക്കെ വിപണന പ്രാധാന്യമുള്ളതാണ്. നാളികേര വെള്ളവും സംസ്കരിച്ച് ഉപയോഗിക്കുന്നു. വെളിച്ചെണ്ണക്ക പുറമേ മറ്റ് നവീകരണ ഉല്പ്പന്നങ്ങളും നാളികേരത്തിൽ നിന്ന് വ്യാവസായികാടിസ്ഥാനത്തിൽ നിര്മ്മിച്ചെടുക്കുന്നു. തെങ്ങിന്റെ തടി ഗൃഹോപകരണ നിര്മ്മാണ ആവശ്യങ്ങള്ക്കും മറ്റും ധാരാളമായി ഉപയോഗിച്ചു വരുന്നു.



-ഫാത്തിമ നസ്റിൻ

# വൈക്കം മുഹമ്മദ്

# ബഷീർ



1908-ജനുവരി 21-ന വൈക്കം താലൂക്കിലെ തലയോലപ്പറമ്പിലാണ് വൈക്കം മുഹമ്മദ് ബഷീർ ജനിച്ചത്. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും തുടർന്ന് വൈക്കം ഇംഗ്ലീഷ് സ്കൂളിലും പഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കോഴിക്കോട്ടു നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മര്ദ്ദനത്തിനിരയാവുകയും ജയിൽ സിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വര്ഷത്തോളം ഇന്ത്യ ഒട്ടാകയും, പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും സഞ്ചരിച്ചു.

ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്! എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കപ്പെട്ടതാണ്. മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം എന്നീ കൃതികളും പൂവൻപഴം ഉൾപെടെ പതിനാറ് കഥകളുടെ ഒരു സമാഹാരവും ലോങ്മാന് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെല്ലോഷിപ്പ് നേടിയിട്ടുണ്ട്. ഇന്ത്യാ ഗവണ്മെന്റ് അദ്ദേഹത്തെ പദ്മശ്രീ നല്കി ആദരിച്ചു. ബേപ്പൂര് സുല്ത്താൻ എന്ന പേരിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് , ലളിതാംബിക അന്തര്ജനം അവാർഡ്, വള്ളത്തോള് പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. 1994-ജൂലൈ അഞ്ചിന് കോഴിക്കോട് വെച്ച് അദ്ദേഹം അന്തരിച്ചു.

-മുഹ്സിന കെ.കെ

# ***സംഗീതമേ ജീവിതം!***

വൈവിധ്യമാർന്ന സംസ്കാരങ്ങൾ നിറഞ്ഞതാണ് നമ്മുടെ രാജ്യം. എല്ലാ സംസ്കാരങ്ങൾക്കും ഓരോ സംഗീതങ്ങൾ ഉണ്ട്. സംഗീതത്തിന്റെയും സംസ്കാരത്തിന്റെയും പാരമ്പര്യം ഉള്ക്കൊള്ളുന്നവയാണ് നാടോടി സംഗീതം. ആരാധന, അനുഷ്ഠാനം, ഉത്സവം, ആഘോഷം, വിശ്വാസം തുടങ്ങി ഒട്ടേറെ വിശയങ്ങളിൽ അധിഷ്ഠിതമായാണ് നാടോടി സംഗീതം രൂപം കൊണ്ടിട്ടുള്ളത്. മിക്ക സ്ഥലങ്ങളും നൃത്തവുമായി കൂടിക്കലർന്നാണ് നാടോടി സംഗീതം അവതരിപ്പിക്കപ്പെടുന്നത്.



*ഭാഷ കൊണ്ടല്ല*
*ഹൃദയം കൊണ്ട്ആസ്വദിക്കപ്പെടേണ്ടതാണ്*
*സംഗീതം.*
*അത് മനസ്സിനെ ആനന്ദത്തിലേക്ക് നയിക്കും.*

-നവ്യ പി.കെ

# സ്വാതന്ത്ര്യം



നഗരത്തിന്റെ ആരവം കേട്ടാണ് ഞാനുണർന്നത്. ചിലർ ഓടുന്നു. ചിലർ ചാടുന്നു. മറ്റു ചിലർ വാഹനത്തിൽ നഗരത്തിലേക്ക് അലഞ്ഞു പേകുന്നു. ഇതിലൊന്നും പെടാത്ത വേറൊരു കൂട്ടർ എന്റെ അടുത്തു നിന്ന് സെല്ഫിയെടുക്കുന്നു. എനിക്കിവിടെ നിന്നാൽ ഈ നഗരം മൊത്തം കാണാം. ഈ നഗരത്തിലാകെയുള്ളത് കുറേ അഴുക്കും പിന്നെ, തിരക്കുമാണ്. എല്ലാ നഗരങ്ങളും ഇതു പോലെയാണോ? എനിക്കറിയില്ല. കാരണം ഞാനീ നഗരം വിട്ട് വേറെങ്ങും പോയിട്ടില്ല. എന്റെ മേലൊരു ഈച്ച വന്നിരുന്നാൽ അതിനെ ഓടിക്കാൻ പോലും എനിക്ക് പറ്റില്ല. ഓ, ഇത്രയൊക്കെ ആയിട്ടും ഞാനാരാണെന്ന് പറഞ്ഞില്ല അല്ലേ? ഞാന് സ്റ്റേച്യു ഓഫ് ലിബേർട്ടി. ന്യൂയോര്ക്ക് നഗരത്തിലുള്ള കൂറ്റൻ പ്രതിമ, അമേരിക്കയുടെ സ്വാതന്ത്ര്യ പ്രതിമ! പക്ഷേ ഞാനിപ്പഴും ഒരു തടവുകാരിയാണ്. അല്ലെങ്കിലും അതങ്ങനെയാണ്, ഒരാൾക്ക് സ്വാതന്ത്ര്യം കിട്ടണമെങ്കിൽ വേറൊരാൾ ബന്ദിതനാകണം. എന്റെ അച്ഛനാരാണെന്നോ എവിടെയാണെന്നോ എനിക്കറിയില്ല. എന്നാൽ നിങ്ങളദ്ദേഹത്തെ കണ്ടാൽ അദ്ദേഹത്തോടിതൊന്ന് പറയണം: "നിങ്ങൾ നിങ്ങളുടെ മകളെ ചങ്ങലക്കിട്ടു!"



-സഞ്ജയൻ കെ

# സൗഹൃദം



സൗഹൃദം എന്നത് കുറച്ച് ഹൃദയങ്ങളില് ഏഴ് വറ്ണ വികാരങ്ങൾ പന്കു വെക്കുന്ന മഴവില്ലാണ്. നമുക്കെല്ലാവർക്കും കാണും ഏത് രാത്രിയിലും ഇനി വിളിക്കുന്നത് നരകത്തിലേക്ക് തന്നെ ആയാലും കൂടെ വരുന്ന ചിലറ്......ചങ്ക്,ബ്രോ ഏതു പേരിലും ഒതുക്കാനാവാത്ത ഒരു ബന്ധം.ലോകത്ത് നമുക്ക് നമ്മളോളം വിശ്വാസമായ ഒരു ബന്ധമാണ് അത്. നമ്മുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും അറിയുന്ന,നമ്മുടെ സകല രഹസ്യങ്ങളുടെയും താഴായ,ആറ്ക്കും ഇടിച്ച് തകർക്കാൻ പറ്റാത്ത ഒരു ബന്ധം.എന്തും തുറന്നു പറയാൻ പറ്റുന്ന ഒരു ബന്ധം.നമ്മുടെ മൌനത്തിനും നമ്മളെ മനസ്സിലാക്കുന്നവർ.ഒരു പക്ഷെ,നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യങ്ങളില് ഒന്നായിരിക്കും സൌഹൃദം .നമ്മൾ അവരോട് എത്ര പിണങ്ങിയാലും ആ ബന്ധം തകരില്ല.എന്ത് പ്രശ്നം  വന്നാലും മറ്റൊന്നും നോക്കാതെ നമ്മുടെ കൂടെ നിൽക്കുന്ന ചിലരുണ്ട്.എന്തിനും ഏതിനും ചങ്ക് പറിച്ച് തരുന്ന കൂട്ടുകാർ.അവരെയാണ് നമ്മൾ അതമാറ്ധ സുഹൃത്ത് എന്ന് പറയുന്നത്, ഒരു നല്ല സൗഹൃദം എന്നത് അതിരില്ലാത്ത ആകാശം പോലെയാണ്.തളർന്നു പോകുന്നിടത്ത് ഊർജം പകരുന്നവരാനവർ.ചില സമയങ്ങളിൽ രക്ത ബന്ടങ്ങലെക്കാള് വലുതാണ് അവർ.ഒരു സുഹൃത്ത് എന്നാൽ നമ്മളെ നന്നായി അറിയുകയും അതോടൊപ്പം നമ്മളെ സ്നേഹിക്കുന്നവരും ചെയ്യുന്നവരാനവർ.എല്ലാം അറിഞ്ഞു കൊണ്ട് നമ്മളെ സ്നേഹിക്കുമ്പോഴാണ് ഒരു  സൌഹൃദം  യഥാർഥം ആകുന്നത്.

***try   to be a best friend***

-ഹസ്ന ഷെറിൻ

# വനം നമ്മുടെ ധനം

പ്രകൃതി നമുക്ക് കനിഞ്ഞു തരുന്ന സമ്പത്താണ് “വനം”. ഇടതൂർന്ന മരങ്ങളും, മലകളും, പുൽമേടുകളും, പാറക്കെട്ടുകളും, അഗാധ ഗർത്തങ്ങളും ഇവിടെ ഉണ്ട്. കാട്ടിൽ അരുവികളും നീര്ച്ചാലുകളും ധാരാളമായുണ്ട്.



കാട്ടിൽ പല തരത്തിലുള്ള മൃഗങ്ങൾ വിഹരിക്കുന്നു. വന്യമൃഗങ്ങൾ ധാരാളമായുള്ള നമ്മുടെ വനങ്ങളിൽ വലിയ ജീവികള് വലിയ ജീവികളെ ഇരയാക്കുന്നു. ഘോര വിശമുള്ള പാമ്പുകൾ കാട്ടിലെ മറ്റൊരു വിഭാഗം ജീവികളാണ്. അനേകം കോടി ജീവജാലങ്ങളുടെ ആവാസ കേന്ദ്രമാണ് “കാട്”. ഔഷധ സസ്യങ്ങളുടെ അപൂര്വ്വ ശേഖരണമാണ് ഇവിടം.

വേഴാമ്പൽ, കുയിൽ, മയിൽ, ചെമ്പോത്ത് തുടങ്ങി അനവധി പക്ഷി വര്ഗങ്ങളാലും ചന്ദനം, ഈട്ടി, തേക്ക്, മഹാഗണി തുടങ്ങിയ മഹാ വൃക്ഷങ്ങളാലും വെള്ളച്ചാട്ടം, ചോല, അരുവി തുടങ്ങിയവകളാലും അലങ്കരിക്കപ്പെട്ടതാണ് “വനം”. അത് സൂക്ഷിക്കേണ്ടത് ഓരോ മനുഷ്യന്റെയും കടമയാണ്.

-ജൈസല ഹസിൻ ടി.കെ

# കടലിനുമുണ്ടൊരു

# കഥ പറയാൻ....



ഭൂമിയിലെ ജീവന്റെ ഉത്ഭവ കേന്ദ്രവും പ്രധാന ഉറവിടവുമായ സമുദ്രങ്ങളുടെ പ്രാധാന്യം ഓർമ്മപ്പെടുത്താനുള്ളതാണ് ലോക സമുദ്രദിനാചരണം.

മനുഷ്യനുള്പ്പെടെയുള്ള ജീവികളുടെ നിലനില്പ്പിന് മഹത്തായ സംഭാവനകളാണ് സമുദ്രങ്ങള് നല്കുന്നത്. ഭൂമിയിലെ കാലാവസ്ഥ നിയന്ത്രിക്കുന്നതില് സമുദ്രങ്ങള് പ്രധാന പങ്ക് വഹിക്കുന്നു. മനുഷ്യരുടെ ഭക്ഷണാവശ്യങ്ങളുടെ വലിയൊരു പങ്ക് സമുദ്രങ്ങള് സംഭാവന ചെയ്യുന്നു. ലോകമാകമാനം ലക്ഷക്കണക്കിന് ആളുകള്ക്ക് സമുദ്രങ്ങളാണ് ഉപജീവനമാര്ഗ്ഗമൊരുക്കുന്നത്.

-നവ്യ പി.കെ

# കയർ

**-തകഴി ശിവശങ്കരപ്പിള്ള-**



മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധമാണ് കയറിലെ മുഖ്യ പ്രമേയം. ആഹാരം ഉല്പാദിപ്പിക്കാനായി മനുഷ്യന് ഭൂമി കൃഷി ചെയ്യുന്നു. ഭൂമിയുമായുള്ള ബന്ധം നിശ്ചലമായ ഒന്നല്ല. മനുഷ്യ ജീവിതത്തിന് മറ്റു പലതും മാറുന്നതിനനുസരിച്ച് ഭൂമിയോടുള്ള ബന്ധവും മാറുന്നു. ചരിത്ര പരമായ ഒരു പ്രക്രിയയാണിത്. ഇതിനെക്കുറിച്ച് കയറില് തകഴി പര്യാലോചിക്കുന്നു.

നാലു തലമുറകളുടെ ജീവിതം ഈ നോവലില് ഇഴപിരിഞ്ഞു നില്ക്കുന്നു. കണ്ടെഴുത്തിന് വന്ന ക്ലാസിഫറി കൊച്ചുപിള്ള മുതൽ നക്സലൈറ്റായ സലീൽ വരെ രണ്ടു നൂറ്റാണ്ടിന്റെ വികാരക്കുടിപ്പുകൾ തിക്കിത്തിരക്കി നില്ക്കുന്നു. നമ്മുടെ സാമൂഹ്യ ജീവിതത്തിലെ പരിവര്ത്തന ശക്തികളുടെ വേരടക്കം ഇതില് കൃത്യടക്കത്തോടെ പറിച്ചു വച്ചിരിക്കുന്നു. കൂട്ടുകുടുംബവും മരുമക്കത്തായവും മാപ്പിള ലഹളയും സ്വാതന്ത്ര്യസമരവും ലോകമഹായുദ്ധവും പ്രജാഭരണവും പുന്ന പ്രവയലാറും ഇതില് ശക്തിയുടെ ഗുലിക ഏറ്റുവാങ്ങിയിരിക്കുന്നു.

**-അഭയ് മോഹൻ എൻ.പി**

# പഴഞ്ചൊല്ലുകൾ



- പലതുള്ളി പെരുവെള്ളം
- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്
- കക്കാൻ പഠിച്ചാൽ നില്ക്കാനും പഠിക്കണം
- ആന മെലിഞ്ഞാൽ തൊഴുത്തില് കെട്ടില്ല
- ആരാന്റെ തോട്ടത്തിലെ പുല്ല് കണ്ട് പശുവിനെ വാങ്ങരുത്
- മലര്ന്ന കിടന്ന തുപ്പരുത്
- മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടൊരു സൌന്ദര്യം
- പയ്യെ തിന്നാൽ പനയും തിന്നാം
- കാക്കയ്ക്കും തന്കുഞ്ഞ് പൊന്കുഞ്ഞ്
- എല്ലാ പുളിയും ഒരിക്കൽ പൂക്കും
- അടിതെറ്റിയാല് ആനയും വീഴും
- ഇല്ലം മുടക്കി ചാത്തം ഊട്ടരുത്മരിക്കും
- ധീരനൊരിക്കലും ഭീരു പലപ്പോഴും മരിക്കും
- അഞ്ചിലറിഞ്ഞില്ലെങ്കിൽ അമ്പതിലറിയും
- അഴകുള്ള ചക്കയിൽ ചുളയില്ല
- ഉപ്പു തിന്നവന് വെള്ളം കുടിക്കും
- മടിയൻ മല ചുമക്കും
- മിന്നുന്നതെല്ലാം പൊന്നല്ല
- മരിക്കാതിരിക്കാൻ ജനിക്കാതിരിക്കണം
- തന്നതും തിന്നതും മറക്കരുത്
- ഓട്ടപ്പാത്രം നിറയില്ല
- നിലമറിഞ്ഞ് വിത്തിടണം
- കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ തന്നെ
- കൊടുത്താൽ കൊല്ലത്തും കിട്ടും
- പഴുത്തില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും

- അത്താഴം അത്തിപ്പഴത്തോളം
- നിത്യാഭ്യാസി ആനയെ എടുക്കും
- തനിക്കു താനും പുരയ്ക്കു തൂണും
- മുഖം മനസ്സിന്റെ കണ്ണാടിയാണ്
- ഉറുമ്പും ഓണത്തിനു കരുതും
- ഉണ്ടച്ചോറിൽ കല്ലിടരുത്

-ഫദലു റഹ്മാൻ

# പുഷ്പങ്ങൾ





പുലരിയുടെ പൂര്ണ്ണതയില് പുഞ്ചിരിയോടെ ഉറ്റുനോക്കിക്കൊണ്ട് തന്റെ ഓരോ ഇതളുകളായി കണ്മിഴിക്കുന്ന പുഷ്പങ്ങളെ മനുഷ്യർ ഉറ്റു നോക്കാറുണ്ട്. അവ മനുഷ്യനെ ആകര്ഷിക്കുന്നു. ഒരു കുഞ്ഞിന്റെ ലാളിത്യത്തോടെ പുഷ്പങ്ങള് പ്രപഞ്ചത്തെ ഉറ്റുനോക്കുന്നു. മനുഷ്യ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളില് പുഷ്പം ഏറെ പ്രധാന്യമര്ഹിക്കുന്ന ഒന്നാണ്. ദുഃഖത്തിലും സന്തോഷത്തിലും ഒരു പോലെ പങ്കുകൊള്ളുന്നു. ഒരു മനുഷ്യന് അവസാനമായി നമുക്ക് നല്കാന് കഴിയുന്ന ഒന്നാണ് പുഷ്പങ്ങള്. ആ മനുഷ്യന് കിട്ടുന്ന അവസാന ഉപഹാരമാണ് പുഷ്പങ്ങള്. ഇവ മറ്റുള്ളവര്ക്ക് വേണ്ടി ജീവിക്കുന്നു. മറ്റു മനസ്സുകളെ ആനന്ദിപ്പിക്കുന്നു. ഈ പുഷ്പങ്ങളുടെ ജീവിതത്തില് നിന്ന് മനുഷ്യന് ഒട്ടേറെ പഠിക്കാനുണ്ട്. മനുഷ്യരും മറ്റുള്ളവര്ക്ക് വേണ്ടി ജീവിക്കുക. ജീവിതത്തിന് അപ്പോള് ഒരു അര്ത്ഥം കൈവരുന്നു.

-ജ്വാല പി

i

*SPECIAL THANKS TO*

- Sri T.M.Vikraman Headmaster of our school for his support and advice
- Sri Anil Master PTA President for valuable guidance
- Sri Narendran Deputy headmaster for valuable support
- Sri Shamsudheen K.K. Kite master for giving support And valuable guidance
- Smt K.S.Dhanya Kite mistress for valuable support
- Special thanks to all teachers , staff and PTA members of the school for giving support

END